**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.427 | 29.11.2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. ഹൈബി ഈഡൻ

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്ക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സാമ്പത്തിക പ്രതിസന്ധി**

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ധനസമാഹരണം സാധ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | വരവും ചെലവും തമ്മിലുള്ള അന്തരമാണ് നമ്മുടെ സംസ്ഥാന സാമ്പത്തിക നിലയുടെ സൂചകം. ഈ അന്തരം സംസ്ഥാനത്ത് കാലങ്ങളായി നിലനിൽക്കുന്നുണ്ട്. റവന്യൂ കമ്മി നിയന്ത്രിച്ച് ക്രമേണ ഇല്ലാതാക്കാൻ കഴിഞ്ഞാൽ വായ്പയെടുക്കുന്ന തുക മുഴുവൻ നിക്ഷേപത്തിനായി വിനിയോഗിക്കാൻ കഴിയും. സാമൂഹ്യക്ഷേമ ചെലവുകൾക്കും മറ്റും വെട്ടിക്കുറവ് വരുത്തിക്കൊണ്ടോ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളെ ദുർബലപ്പെടുത്തിക്കൊണ്ടോ ഈ ലക്ഷ്യം നേടുക എന്ന സമീപനം ഈ സർക്കാരിനില്ല. വരുമാനം വർദ്ധിപ്പിച്ച് ചെലവ് ചെയ്യൽ കാര്യക്ഷമമാക്കുക എന്ന നയമാണ് സ്വീകരിക്കുന്നത്. ഇത് വിജയത്തിലെത്തുമെന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. ദൈനംദിന ചെലവുകളും, പദ്ധതി പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് യാതൊരു തരത്തിലുമുള്ള പ്രതിസന്ധിയും നിലവിലില്ല. |
| (ബി) | സർക്കാരിന്റെ ഏതെങ്കിലും വകുപ്പുകളിലോ ബോർഡുകളിലോ ഇതിന്റെ ഭാഗമായി നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ഇല്ല |
| (സി) | സർക്കാർ സാമ്പത്തിക പ്രതിസന്ധിയിൽ ഉഴലുമ്പോഴും ആഘോഷങ്ങളുടെ ഭാഗമായി കോടിക്കണക്കിന് രൂപ ധൂർത്തടിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | |
|---|---|---|
| (ഡി) | സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി എത്ര തുകയാണ് ചെലവാക്കിയത് എന്ന് വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായുള്ള ആഘോഷ പരിപാടികൾക്കായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് 3,59,60,000/- രൂപ അനുവദിച്ചു നൽകിയിരുന്നു. |
| (ഇ) | സംസ്ഥാനം നേരിട്ട പ്രളയക്കെടുതിയുടെ അടിസ്ഥാനത്തിൽ സാമ്പത്തിക അച്ചടക്കം എല്ലാ തലത്തിലും കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടു വരുന്നത്. നടപ്പ് വർഷത്തെ പദ്ധതിയിൽ 20% പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്കും, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്കും ഒഴികെയുള്ള സ്കീമുകളിൽ നിന്നും കുറവ് വരുത്തുന്നതിനും, ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്തുവാനും നിശ്ചയിച്ചിരുന്നു. സാമ്പത്തിക അച്ചടക്കം ഉറപ്പു വരുത്തുന്നതിന്റെയും, ധനദൃഡീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2014 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്. |

അക്കൗണ്ട്സ് ഓഫീസർ